'ഭരണഭാഷ - മാതൃഭാഷ'
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
(നിലവിൽ: അനിൽകുമാർ സി.എസ് )

വിഷയം: ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം -ഡ്രൈവർ സീനിയർ ഗ്രേഡ് - ,ഡ്രൈവർ ഗ്രേഡ് I തസ്തികകളിൽ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1)ഡ്രൈവർ തസ്തികയുടെ 17.02.2012 ലെ A3/23884/2011 നമ്പരായ അന്തിമ സീനിയോറിറ്റി ലിസ്റ്റ്
2)ജി.ഒ(എം.എസ്)70/2017/തൊഴിൽ തീയതി 28.08.2017
3)ജി.ഒ(എം.എസ്)58/2018/തൊഴിൽ തീയതി 01.09.2018
4)ഡ്രൈവർ തസ്തികയുടെ 28.09.2020 ലെ DT/667/2020-A3 നമ്പരായ അന്തിമ സീനിയോറിറ്റി ലിസ്റ്റ്
5)ജി.ഒ(എം.എസ്)നം.31/2016/തൊഴിൽ തീയതി 05.02.2016
6)ജി.ഒ(എം.എസ്)നം.136/2019/തൊഴിൽ തീയതി 21.12.2019

**ഉത്തരവ് നമ്പർ: DT/667/2020-A3 തീയതി: 07/10/2020**

ഡ്രൈവർ തസ്തികകളെ 1:1:1 എന്ന അനുപാതത്തിൽ ഡ്രൈവർ ഗ്രേഡ് -2, ഡ്രൈവർ ഗ്രേഡ് -1, ഡ്രൈവർ സീനിയർ ഗ്രേഡ് എന്നിങ്ങനെയും ഡ്രൈവർ സീനിയർ ഗ്രേഡ്-ന്റെ 10% ,ഡ്രൈവർ സെലക്ഷൻ ഗ്രേഡ് എന്നിങ്ങനെയും ക്രമീകരിച്ചിട്ടുണ്ട്.

ടി 1:1:1 റേഷ്യോ അനുസരിച്ച് വകുപ്പിൽ നിലവിലുണ്ടായിരുന്ന 22 തസ്തികകളിൽ 7 ഡ്രൈവർ സീനിയർ ഗ്രേഡ് , 7 ഡ്രൈവർ ഗ്രേഡ് I, 8 ഡ്രൈവർ ഗ്രേഡ് II ജീവനക്കാരാണ് സേവനത്തിൽ ഉണ്ടായിരുന്നത്.

പരാമർശം 2,3 പ്രകാരം വകുപ്പിൽ 2 ഡ്രൈവർ ഗ്രേഡ് II തസ്തിക അനുവദിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ക്രമീകരിക്കുമ്പോൾ വകുപ്പിൽ നിലവിലുള്ള 24 തസ്തികകൾ 8 ഡ്രൈവർ സീനിയർ ഗ്രേഡ് , 8 ഡ്രൈവർ ഗ്രേഡ് I , 8 ഡ്രൈവർ ഗ്രേഡ് II എന്നിങ്ങനെ 1.09.2018 തീയതിയിൽ ഉണ്ടായിട്ടുണ്ട്. മേൽപ്പറയും പ്രകാരം ക്രമീകരിക്കുമ്പോൾ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ ഒരു ഒഴിവും , ഡ്രൈവർ ഗ്രേഡ് I തസ്തികയിൽ 2 ഒഴിവും ഉണ്ടായിട്ടുണ്ട്. കൂടാതെ പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം (30) ശ്രീ പ്രതാപ കുമാർ 31.07.2019 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ ഒരു ഒഴിവും , ഡ്രൈവർ ഗ്രേഡ് I തസ്തികയിൽ 1 ഒഴിവും ഉണ്ടായിട്ടുണ്ട്.

ടി സാഹചര്യത്തിൽ പരാമർശം 4 പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ചുവടെപറയുന്ന 2 ഡ്രൈവർ ഗ്രേഡ് I ജീവനക്കാർക്ക് KS&SSR -ലെ പൊതുചട്ടം 28(b)(ii) പ്രകാരം 22200-48000 ശമ്പളനിരക്കിൽ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമനം. | സീനിയോരിറ്റി ക്രമനമ്പർ | പേര്/നിലവിൽ സേവനത്തിലുള്ള സ്ഥാപനം / തസ്തിക | പ്രൊമോഷൻ പ്രാബല്യ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 12 | ശ്രീ.കിരൺ ഡി , ഡ്രൈവർ ഗ്രേഡ് I ഐ.ടി.ഐ മലമ്പുഴ, | 1.09.2018 | |
| 2 | 13 | ശ്രീ.പ്രിയേഷ് റ്റി.ആർ ഡ്രൈവർ ഗ്രേഡ് I ഐ.ടി.ഐ ഏറ്റുമാനൂർ | 01.08.2019 | |

ചുവടെപറയുന്ന 3 ഡ്രൈവർ ഗ്രേഡ് II ജീവനക്കാർക്ക് KS&SSR -ലെ പൊതുചട്ടം 28(b)(ii) പ്രകാരം 20000-45800 ശമ്പളനിരക്കിൽ ഡ്രൈവർ ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമനം. | സീനിയോരിറ്റി ക്രമനമ്പർ | പേര്/നിലവിൽ സേവനത്തിലുള്ള സ്ഥാപനം / തസ്തിക | പ്രൊമോഷൻ പ്രാബല്യ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 19 | ഹാഷിം ഇ, ഡ്രൈവർ ഗ്രേഡ് II ഐ.ടി.ഐ കട്ടപ്പന | 1.09.2018 | |
| 2 | 20 | അൻസർ എൻ, ഡ്രൈവർ ഗ്രേഡ് II ഐ.ടി.ഐ കൊല്ലം | 1.09.2018 | |
| 3 | 21 | അനിൽകുമാർ കെ, ഡ്രൈവർ ഗ്രേഡ് II ഐ.ടി.ഐ ചെന്നീർക്കര | 1.08.2019 | |

ടി ഉദ്യോഗക്കയറ്റം മുഖേനയുള്ള ശമ്പള നിർണ്ണയത്തിന് കെ.എസ്.ആർ പാർട്ട് -I റൂൾ 28(എ)അനുസരിച്ച് അർഹതയുണ്ട്.

പരാമർശം 5 പ്രകാരം വകുപ്പിലെ ഡ്രൈവർ തസ്തിക "മോട്ടോർ ഡ്രൈവർ "എന്ന് പുനർനാമകരണം ചെയ്യും പരാമർശം 6 പ്രകാരം Kerala Craftsman Training Subordinate Services Rule.6 ആയി മോട്ടോർ ഡ്രൈവർ തസ്തിക ഉൾപ്പെടുത്തിയും സർക്കാർ ഉത്തരവായിട്ടുണ്ട് .ടി സാഹചര്യത്തിൽ പരാമർശം 6 ഉത്തരവ് തീയതിക്ക് ശേഷമുണ്ടായിട്ടുള്ള ഒഴിവിന്മേലുള്ള സ്ഥാനക്കയറ്റം ടി സ്പെഷ്യൽ റൂൾ അനുസരിച്ച് നികത്തുന്നതാണ്.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>സ്വീകർത്താവ്:</u>
ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപന മേധാവികൾ മുഖേന )
<u>പകർപ്പ് :</u>
ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
**//ഉത്തരവിൻ പ്രകാരം//**
**സീനിയർ സൂപ്രണ്ട്**